●

കവിതകൾ




○ അനസ് മാള

നിറഞ്ഞ ചിരികളിൽ പടർന്ന വിഷാദമായ്
നിറങ്ങളാടും നിനവിന്ന് വിഘാതമായ്
അനന്തരവിധിയുടെ കറുത്ത വാക്ക്
അനുവാദമില്ലാതെ വന്നു വിളിക്കുന്നു.

മറുത്തുചൊല്ലാതെ, വരണ്ട കണ്ഠത്തിൽ
കരുത്ത് കൊഴിഞ്ഞ വാക്കുകളിടറുന്നു
തനിക്കായ് ചവിട്ടിപാഞ്ഞ കാലിണകൾ
തനിച്ചു നിസ്സഹായം തരിച്ചുപോകുന്നു
വെട്ടിപ്പിടിച്ച സുഖസാമ്രാജ്യങ്ങൾ തൻ
ഓർമകൾപോലും തിരിച്ചുപോകുന്നു

ബന്ധങ്ങളൂരി ബന്ധിച്ചുവെക്കയായ്
സ്വന്തം വിധികളെ നെഞ്ചത്തുചേർക്കയായ്
വെറിമുഴുത്തേറ്റിയ കിനാവുകളഴിച്ച്
വെളുത്തകച്ചയാലാപാദചൂഡം മറക്കയായ്

അരുതുകൾക്കനുഭൂതിമണത്തുതന്ന
അതിരുകൾ മാന്തിക്കടന്ന കാഴ്ചകൾ
കോരിത്തരിപ്പിച്ച സ്വർഗങ്ങളൊക്കെയും
നേരമില്ലിനി, പൊലിഞ്ഞകന്നുപോകട്ടെ!

ഒട്ടുമോർത്തില്ല, മടങ്ങി, മണ്ണിൻ പശിമയി-
ലൊട്ടിച്ചേർന്ന് ശയിക്കുമെന്നൊരുദിനം
ഒരു തുള്ളിയെങ്കിലും ഹൃദയാന്തരത്തിൽ
കൊരുത്തുതെളിഞ്ഞ വെളിച്ചമില്ലല്ലോ!

വിളിക്കാതെ വന്ന വിരുന്നുകാരൻ -തെല്ലും
മടിക്കാതെ ദൈവകൽപന പാലിക്കവെ
കൊഴിഞ്ഞ നാൾവഴിദൃഷ്ടിസാക്ഷ്യങ്ങളാൽ
പകർത്തിയെഴുതിയത് നഷ്ടങ്ങളെന്നോ?

---

## അശാന്തി

○ ടി.കെ അലി പൈങ്ങോട്ടായി



മനഃശാന്തി
കവർന്ന് കൊണ്ടുപോയതാരാണ്?
ഇഴചേർന്ന് നിൽക്കുന്ന
ഇണയോ,
ഇരപകൽ കൂട്ടുള്ള
തുണയോ,
അടുത്ത ശത്രുവോ,
അകന്ന മിത്രമോ...?
നിണശോണിമയാർന്ന
യുദ്ധഭൂമിയിൽ,
ചിതറിത്തെറിച്ച
കബന്ധങ്ങളെയും
ശിരസ്സറ്റ് വീണ
കനവുകളെയും തഴുകി-
യൊഴുകിയെത്തുന്ന
നിറമേതുമില്ലാത്ത ഇളംകാറ്റ്
സാന്ത്വനമെന്ന വാക്കിനെ
തട്ടിയുണർത്തുന്നു...!